4. രാധ, ചന്തച്ചൻകനി, കൊല്ലം, കൊയിലാണ്ടി
5. ശ്രീജേഷ്, റിനിഷ, കോന്തലത്ത്, കന്നത്തറ
6. സുബീർ, ഇ. ഇയ്യോത്തിൽ
7. രാജീവൻ, പടിഞ്ഞാറയിൽ, പയ്യോളി (പി.ഒ.)
8. ആഷിഫ്, കെ., മടവൻ, ഇരുത്തികനി, കീഴൂർ (പി.ഒ.)
9. നജ്മ, മീറങ്ങാട്ട്, ചെരക്കോത്ത്, കീഴൂർ പി.ഒ
10. മുഹമ്മദലി, കളത്തിൽ കീഴൂർ പി.ഒ, മേലടി
11. നിസാർ പി.ടി., പാലോളിത്താഴ
12. ജ്യോതിഷ് കമാർ & അഖില കൃഷ്ണൻ, കന്നത്ത് മീത്തൽ
13. ബാബു. എം. കെ. മുണ്ടകനി
14. രാജൻ, S/o നാരായണൻ, പറന്തലകനി, മുടാടി
15. മുഹമ്മദ് സബീർ. ബി. എം., നഫീസ്, വാവച്ചിക്കണ്ടി
16. ജാസ്മിൻ, സഫിയ മൻസിൽ, കൊല്ലം, ചേമഞ്ചേരി
17. പ്രേമൻ. കെ. കെ., കാലികടവത്ത്, കീഴൂർ.പി.ഒ.
18. റസീന ഫൈസൽ, കാട്ടിൽവളപ്പിൽ, പടിഞ്ഞാറെ തള്ളച്ചീന്റവിടെ
19. ശശിധരൻ, കോരച്ചമ്പത്ത് താഴെ
20. മനോജ് കമാർ, അർച്ചന, കൊയിലാണ്ടി
21. അനിൽകമാർ, ഒരുഡ വയലിൽ, പെരുവട്ടൂർ
22. നിസാർ കഞ്ഞായൻ, നിഷാമഹൽ
23. സന്തോഷ്, പന്തച്ചംകനി.

(സി) ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം 11. അതിൽ കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്നത് ഒന്ന് - ഫൈസൽ, S/o അബൂബക്കർ, ചെമ്പ്രത്താഴം.

വടകര താലൂക്കിലെ വില്ലേജുകളിലെ ജീവനക്കാരുടെ ഒഴിവുകൾ

113 (3860) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിലെ വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ ഒഴിവുകൾ എത്രയെന്ന് തസ്തിക തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വടകര താലൂക്കിലെ വില്ലേജ് ഓഫീസുകളിൽ ഒരു വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ ഒഴിവ് നിലവിലുണ്ട്.

(ബി) പ്രസ്തുത ഒഴിവ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ

114 (3861) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഫാസ്റ്റ് ട്രാക്കിൽ ഭൂമി ഏറ്റെടുക്കുമ്പോൾ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ ;

(സി) സർക്കാർ ഭൂമി സർക്കാരിന്റെ തന്നെ മറ്റ് സ്ഥാപനങ്ങൾക്ക് വിട്ടുകൊടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ?

ഉത്തരം

(എ) 1-1-2014 മുതൽ കേന്ദ്ര സർക്കാർ പാസ്സാക്കിയ Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013 നിലവിൽവന്നു. ടി ആക്ടിലെ ചട്ടങ്ങൾക്ക് രൂപം നൽകി വരികയാണ്. 1894-ലെ ഭൂമി പൊന്നുംവില നിയമപ്രകാരം 1-1-2014-ന് മുമ്പ് വിജ്ഞാപനം പ്രസിദ്ധീകരിച്ച കേസുകളിൽ തുടർനടപടികൾ കാലഹരണപ്പെടാതിരിക്കുന്നതിന് പ്രഖ്യാപനം, ഭൂമി വില നിശ്ചയിക്കൽ നടപടികൾ സ്വീകരിച്ചു വരുന്നു. നഷ്ടപരിഹാരവും പുനരധിവാസ പാക്കേജും പുതിയ ആക്ട് പ്രകാരം നിശ്ചയിച്ച് തുടർ നടപടി സ്വീകരിക്കുവാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അതിൻപ്രകാരമുള്ള നടപടികൾ തുടർന്നുവരുന്നു. പുതിയ ആക്ടിലെ ചട്ടങ്ങൾ നിലവിൽ വരാത്ത സാഹചര്യത്തിൽ നെഗോഷിയേറ്റഡ് പർച്ചേസ് മുഖാന്തരവും ഭൂമി ഏറ്റെടുക്കാൻ അനുമതി നൽകുന്നുണ്ട്.

(ബി) ഫാസ്റ്റ് ട്രാക്ക് മുഖേന ഭൂമി ഏറ്റെടുക്കുമ്പോൾ ജില്ലാതല പർച്ചേസ് കമ്മിറ്റി ഭൂവുടമയുമായി വില സംബന്ധിച്ച് ധാരണയിലെത്തുകയും ടി വില ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഉന്നതാധികാരസമിതി (എസ്.എൽ.ഇ.സി.) അംഗീകരിച്ച് നഷ്ടപരിഹാരം നൽകുകയുമാണ് ചെയ്യുന്നത്. ജില്ലാ കളക്ടർ ഭൂവുടമയുമായി ഏർപ്പെടുന്ന കരാറിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly